ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.10.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ആന്ധ്രപ്രദേശിൽ എത്തും. വിജയവാഡയിൽ ദേശീയ സരസ് മേളയിൽ നാളെ പങ്കെടുക്കും.

   **President Droupadi Murmu will arrive in Andhra Pradesh today on a two-day visit. President will attend the National Saras Mela in Vijayawada tomorrow.**

2. 'ഡൽഹി പ്രഖ്യാപനം' അംഗീകരിച്ച് പ്രഥമ ബിംസ്റ്റെക് ആഭ്യന്തര മന്ത്രിമാരുടെ യോഗത്തിന് ന്യൂഡൽഹിയിൽ സമാപനം.

   **The first BIMSTEC Home Ministers' Meeting concluded in New Delhi with the adoption of the 'Delhi Declaration' on combating terrorism.**

3. ഇന്ത്യ- ചൈന ബന്ധം നിലനിർത്തുന്നതിന് അതിർത്തിയിലെ സമാധാനവും സ്ഥിരതയും അത്യന്താപേക്ഷിതമാണെന്ന് വിദേശകാര്യമന്ത്രി എസ്.ജയശങ്കർ.

   **External Affairs Minister S. Jaishankar said that peace and stability along the border are essential for maintaining India-China relations.**

4. അന്താരാഷ്ട്ര മത്സരങ്ങളിൽ മികവ് തെളിയിച്ച മലയാളി കായിക താരങ്ങൾക്ക് സംസ്ഥാന സർക്കാർ തൊഴിൽ നൽകുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

   **Chief Minister V. D. Satheesan said that the state government would provide jobs to Kerala sportspersons who have excelled in international competitions.**

5. ബിഹാറിൽ ബോട്ട് അപകടത്തിൽ 13 മരണം. അനുശോചിച്ച് രാഷ്ട്രപതി,ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ.

In Bihar, 13 people died when a boat capsized in the Raghopur Diara area of Vaishali. President, Vice President, Prime Minister and other prominent leaders expressed condolences.

6. ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ട്വൻറി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് ഹൈദരാബാദിൽ.

The fourth match of the India-West Indies T20 cricket series will be held in Hyderabad today.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## PRESIDENT VISIT

രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ആന്ധ്രപ്രദേശിൽ എത്തും. നാളെ വിജയവാഡയിൽ നടക്കുന്ന ദേശീയ സരസ് മേളയിൽ പങ്കെടുക്കും. കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും ആന്ധ്രാപ്രദേശ് സർക്കാരും സംയുക്തമായിയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## PM MODI-CANADIAN PM

പ്രധാനമന്ത്രി നരേന്ദ്ര മോദിയും കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയും ടെലഫോൺ സംഭാഷണം നടത്തി. വ്യാപാരം, ഊർജ്ജം, സാങ്കേതികവിദ്യ, സുരക്ഷ, ജനങ്ങൾക്കിടയിലെ ബന്ധം ഉൾപ്പെടെ വിവിധ മേഖലകളിൽ ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ ഇരു നേതാക്കളും ധാരണയായി. സുസ്ഥിരവും സമൃദ്ധവുമായ ലോകം കെട്ടിപ്പടുക്കുന്നതിൽ ഇന്ത്യയും കാനഡയും ഒരുമിച്ച് പ്രവർത്തിക്കുന്നതായി ശ്രീ. നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. അതേസമയം, രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെ ന്യൂഡൽഹിയിലെത്തിയ കനേഡിയൻ വിദേശകാര്യ മന്ത്രി അനിത ആനന്ദ്, ഇന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായി കൂടിക്കാഴ്ച നടത്തും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## BIMSTEC - DELHI DECLARATION

'ഡൽഹി പ്രഖ്യാപനം' ഔദ്യോഗികമായി അംഗീകരിച്ച് പ്രഥമ ബിംസ്റ്റെക് ആഭ്യന്തര മന്ത്രിമാരുടെ യോഗത്തിന് ന്യൂഡൽഹിയിൽ സമാപനം. എല്ലാ രൂപത്തിലുമുള്ള ഭീകരവാദത്തെയും ബിംസ്റ്റെക് അംഗരാജ്യങ്ങൾ യോഗ ത്തിൽ അപലപിച്ചു. അന്താരാഷ്ട്ര നിയമങ്ങൾക്ക് അനുസൃതമായി, ഭീകര

വാദത്തെ ചെറുക്കുന്നതിന് പ്രതിജ്ഞാബദ്ധാണെന്ന നിലപാട് അംഗരാജ്യങ്ങൾ ആവർത്തിച്ചു. കൂടുതൽ സുരക്ഷിതവും വികസിതവുമായ ബിംസ്റ്റെക് മേഖല കെട്ടിപ്പടുക്കുന്നതിന് പ്രാദേശിക സഹകരണം ശക്തമാക്കാനും മനുഷ്യക്കടത്ത്, ലഹരിമരുന്ന് കടത്ത്, കള്ളപ്പണം വെളുപ്പിക്കൽ തടയൽ എന്നീ മേഖലകളിലെ കർമ്മപദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാനും യോഗത്തിൽ ധാരണയായി.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## JAISHANKAR - INDIA-US (INTRO)

ഇന്ത്യ-യുഎസ് വ്യാപാര ചർച്ചകൾ ശരിയായ ദിശയിലാണെന്ന് വിദേശ കാര്യ മന്ത്രി എസ്. ജയശങ്കർ. ന്യൂഡൽഹിയിൽ ബ്ലൂംബെർഗ് ന്യൂ ഇക്കോണമി ഫോറത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇരു രാജ്യങ്ങളിലെയും വാണിജ്യമന്ത്രിമാർ കരാറിനായി പ്രവർത്തിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി. അതിർത്തി പ്രദേശങ്ങളിൽ സമാധാനവും ശാന്തതയും പുനഃസ്ഥാപിക്കാൻ ഇന്ത്യയ്ക്കും ചൈനയ്ക്കും സാധിച്ചതായി ശ്രീ എസ്.ജയ്ശങ്കർ അറിയിച്ചു. ഇന്ത്യ- ചൈന ബന്ധം നിലനിർത്തുന്നതിന് അതിർത്തിയിലെ സമാധാനവും സ്ഥിരതയും അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയിസ്)

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## BRIHATTAR BHARAT

കേന്ദ്ര സാംസ്കാരിക മന്ത്രാലയം സംഘടിപ്പിക്കുന്ന ബൃഹത്തർ ഭാരത് അന്താരാഷ്ട്ര സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. ഇന്ത്യയുടെ ആഗോള സാംസ്കാരിക ബന്ധങ്ങൾ എന്നതാണ് പ്രമേയം. പ്രത്യേക വീഡിയോ സന്ദേശത്തിലൂടെ പ്രധാനമന്ത്രി നരേന്ദ്രമോദി സമ്മേളനത്തെ അഭിസംബോധന ചെയ്യും. കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് പങ്കെടുക്കും. മൂന്ന് ദിവസത്തെ സമ്മേളനത്തിൽ ചൈന, ജപ്പാൻ, മംഗോളിയ, നേപ്പാൾ, ഇറാൻ തുടങ്ങിയ 50 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധിൾ പങ്കെടുക്കും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## BIHAR - BOAT TRAGEDY+ PM

ബിഹാറിലെ വൈശാലി ജില്ലയിൽ രാഘോപൂർ ദിയാര മേഖലയിലുണ്ടായ ബോട്ട് അപകടത്തിൽ കുട്ടികൾ ഉൾപ്പെടെ 13 പേർ മരിച്ചു. ആറുപേരെ രക്ഷപ്പെടുത്തിയതായും അധികൃതർ അറിയിച്ചു. 20 ഓളം പേരാണ് ബോട്ടിലുണ്ടായിരുന്നത്. സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയ വർ അഗാധമായ ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് അമ്പതിനായിരം രൂപ വീതവും ധനസഹായം നൽകുമെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ അറിയിച്ചു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## PANCHAYATI -SPECIAL CAMPAIGN

പഞ്ചായത്തിരാജ് മന്ത്രാലയത്തിൻറെ ശുചിത്വവുമായി ബന്ധപ്പെട്ട പ്രത്യേക ക്യാമ്പയിൻറെ ഭാഗമായി ഇന്ന് ഏകദിന ശുചീകരണ പ്രവർത്തന ങ്ങൾ സംഘടിപ്പിക്കും. തൊഴിലിടങ്ങളിൽ ശുചിത്വം ഉറപ്പാക്കുക, ഓഫീസ് സ്ഥലത്തിൻറെ വിനിയോഗം മെച്ചപ്പെടുത്തുക, കെട്ടിക്കിടക്കുന്ന വിഷയങ്ങളിൽ വേഗത്തിൽ തീർപ്പുണ്ടാക്കുക എന്നിവയാണ് ലക്ഷ്യം.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## AYUSH - SKIN TREATMENT

ചർമ്മരോഗങ്ങളുടെ ചികിത്സയ്ക്കായി കേന്ദ്ര ആയുഷ് മന്ത്രാലയം പുതിയ മാർഗ്ഗരേഖകൾ പുറത്തിറക്കി. ആയുർവേദം, സിദ്ധ, യുനാനി, ഹോമിയോപ്പതി എന്നീ നാല് പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങ ളോടൊപ്പം യോഗയെയും ഉൾപ്പെടുത്തിയാണ് സമഗ്ര രേഖ തയ്യാറാക്കി യിരിക്കുന്നത്. വിവിധ ആയുഷ് ചികിത്സാ രീതികളിൽ ഏകീകൃത സ്വഭാവം, ഗുണനിലവാരം, ശാസ്ത്രീയമായ തെളിവുകളുടെ അടിസ്ഥാനത്തിലുള്ള ചികിത്സാ രീതികൾ എന്നിവ ഉറപ്പാക്കാൻ ലക്ഷ്യമിടുന്നു. ദേശീയ ആരോഗ്യ പരിപാലന സംവിധാനവുമായി ആയുഷ് ചികിത്സാ രീതികളെ കൂടുതൽ ആഴത്തിൽ സംയോജിപ്പിക്കാൻ ഈ മാർഗ്ഗരേഖകൾ സഹായിക്കുമെന്ന് കേന്ദ്ര സഹമന്ത്രി പ്രതാപ്റാവു ജാദവ് പറഞ്ഞു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## MURUGAN - RESIGN

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുകൻ മന്ത്രിസ്ഥാനവും രാജ്യസഭാംഗത്വവും രാജിവെച്ചു. രാജ്യത്തെ കേന്ദ്ര സഹമന്ത്രി എന്ന നിലയിൽ സേവിക്കാൻ സാധിച്ചത് ഏറെ അഭിമാന കരമാണെന്ന് പ്രധാനമന്ത്രിക്ക് നൽകിയ കത്തിൽ അദ്ദേഹം പറഞ്ഞു. 2029 ലോക്സഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി തമിഴ്നാട്ടിൽ മുഴുവൻ സമയവും പ്രവർത്തിക്കാനാണ് രാജിയെന്ന് ശ്രീ.എൽ. മുരുകൻ വ്യക്തമാക്കി.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## KERALA ASSEMBLY

പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം പുരോഗമിക്കുന്നു. മുതിർന്ന പൗരന്മാരുടെ പരിചരണവും, അവകാശ സംരക്ഷണവും സംബന്ധിച്ച ബിൽ മുഖ്യമന്ത്രി വി ഡി സതീശൻ ഇന്നലെ നിയമസഭയിൽ അവതരിപ്പിച്ചു. ഈ ബില്ലിലൂടെ കേരളം ലോകത്തിന് മാതൃകയാവുകയാണെന്നും, മുതിർന്ന പൗരന്മാരുടെ ജീവിത പരിചയവും അറിവും പ്രയോജനപ്പെടുത്താൻ വിപുലമായ പദ്ധതികൾ ആവിഷ്കരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## JAPAN ACCIDENT

ജപ്പാനിൽ ട്രെയിൻ തട്ടി മരിച്ച കണ്ണൂർ ഇരിട്ടി പടിയൂർ സ്വദേശി വി. ദേവികയുടെ ചിതാഭസ്മം നാളെ തിരുവനന്തപുരത്ത് എത്തിക്കും. തുടർന്ന് ദേവികയുടെ വീട്ടിലേക്ക് കൊണ്ടുപോകും. കഴിഞ്ഞ മാസം രണ്ടിനാണ് ദേവികയെ ജപ്പാനിൽ ട്രെയിൻ തട്ടി മരിച്ച നിലയിൽ കണ്ടെത്തിയത്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## SPORTS - VD SATHEESAN

അന്താരാഷ്ട്ര മത്സരങ്ങളിൽ മികച്ച നേട്ടം കൈവരിക്കുന്ന മലയാളി കായിക താരങ്ങൾക്ക് സംസ്ഥാന സർക്കാർ ജോലി നൽകുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. തിരുവനന്തപുരത്ത് ജി വി രാജാ കായിക പുരസ്കാരങ്ങൾ സമ്മാനിക്കുകയായിരുന്നു അദ്ദേഹം. കായികതാരങ്ങൾക്ക് കേരളത്തിൽ തന്നെ ജോലി നൽകി സുരക്ഷിതത്വം ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## PALAKKAD

പാലക്കാട് മൂലത്തറയിൽ മനോദൗർബല്യമുള്ള യുവാവിനെ സംഘം ചേർന്ന് മർദ്ധിച്ച് കൊലപ്പെടുത്തിയ കേസിൽ ഏഴു പേർ അറസ്റ്റിൽ. ഞായറാഴ്ച രാവിലെയാണ് 40 വയസ്സ് തോന്നിക്കുന്ന യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തിയത്. ഇയാളെ തിരിച്ചറിഞ്ഞിട്ടില്ല.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## SEVA SANKALP (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കി യതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. രാജ്യത്ത് നൂതനാശയങ്ങളുടെയും സംരംഭകത്വത്തിൻറെയും സംസ്കാരം വളർത്തുന്നതിന്, 2016-ൽ നീതി ആയോഗ് ആരംഭിച്ച അടൽ ഇന്നോവേഷൻ മിഷൻ പദ്ധതിയെക്കുറിച്ചാണ് ആകാശവാണി അവതരിപ്പിക്കുന്ന 'ജനസേവനമാണ് ദേശസേവനം' പ്രത്യേക പരമ്പരയിൽ ഇന്ന്.

**വിശദാംശങ്ങളിലേക്ക്...**

(വോയിസ്)

കുട്ടികളിൽ ചെറുപ്രായം മുതൽ ശാസ്ത്രബോധവും, സർഗ്ഗാത്മകതയും, സംരംഭകത്വ മനോഭാവവും വളർത്തിയെടുക്കാനും രാജ്യത്തെ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് വലിയ മുന്നേറ്റം കൊണ്ടുവരാനും ആവിഷ്കരിച്ച പദ്ധതിയാണ് അടൽ ഇന്നോവേഷൻ മിഷൻ. സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളിൽ നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുകയും, രാജ്യത്തെ നൂതനാശയ-സംരംഭകത്വ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുകയുമാണ് ലക്ഷ്യം. സ്കൂളുകൾ, കോളേജുകൾ, സർവകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, സ്വകാര്യ മേഖല, MSME മേഖല എന്നിവ ഇതിൻറെ പരിധിയിൽ ഉൾപ്പെടുന്നു. സ്കൂളുകളിൽ സർഗ്ഗാത്മകതയും നൂതനാശയ ചിന്താഗതിയും വളർത്തുന്ന അടൽ ടിങ്കറിംഗ് ലാബുകൾ, സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ അടൽ ഇൻകുബേഷൻ സെൻററുകൾ, അടൽ കമ്മ്യൂണിറ്റി ഇന്നോവേഷൻ സെൻററുകൾ, എന്നിവയാണ് ഈ ദൗത്യത്തിന് കീഴിലുള്ള പ്രധാന ആശയങ്ങൾ.

**ന്യൂസ്ഡെസ്ക് ആകാശവാണി**

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## T20 - IND VS WI

ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ട്വൻറി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന്. വൈകുന്നേരം 7 മണിക്ക് ഹൈദരാബാദിലാണ് മത്സരം. പരമ്പരയിൽ ഇന്ത്യ 2-1ന് മുന്നിലാണ്. അവസാന മത്സരം ഈ മാസം 17ന് നടക്കും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## NAVARATHRI - TVM

തിരുവനന്തപുരത്ത് നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി ക്ഷേത്രങ്ങളിൽ വൻ ഭക്തജന തിരക്ക്. പദ്മനാഭപുരത്ത് നിന്ന് എഴുന്നള്ളിച്ച സരസ്വതീ വിഗ്രഹം പദ്മതീർഥക്കുളത്തിനരികെയുള്ള നവരാത്രി മണ്ഡപത്തിലാണ് പൂജയ്ക്ക് ഇരുത്തിയത്. സരസ്വതീ ദേവിയെ ദർശിക്കാൻ നിരവധി പേരാണ് എത്തുന്നത്. കുമാര സ്വാമിയെ പൂജയ്ക്ക് ഇരുത്തിയ ആര്യശാല ഭഗവതി ക്ഷേത്രത്തിലും മുന്നൂറ്റി നങ്കയെ പൂജയ്ക്ക് ഇരുത്തിയ ചെന്തിട്ട ദേവീ ക്ഷേത്രത്തിലും വൻ ഭക്തജനതിരക്കാണ് അനുഭവപ്പെടുന്നത്. ജില്ലയിലെ വിവിധ ദേവീ ക്ഷേത്രങ്ങളിലും നവരാത്രി പൂജയ്ക്ക് തുടക്കമായി.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## FESTIVAL SPECIAL TRAINS

പൂജവെയ്പ്പ് ഉത്സവത്തോടനുബന്ധിച്ച് പ്രത്യേക ട്രെയിൻ സർവ്വീസുമായി ദക്ഷിണ റെയിൽവെ. തിരുവനന്തപുരം നോർത്ത് - സന്ത്രഗച്ചി എക്സ്പ്രസ് ഈ മാസം 17 ന് ഉച്ചയ്ക്ക് 1.45 നും പുറപ്പെടും. യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് BENGALURU CANTONMENT നും THIRUVANANTHAPURAM NORTH നുമിടയിൽ ഈ മാസം 16 ന് പ്രത്യേക സർവ്വീസ് ഉണ്ടാകും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

❄❄❄❄❄❄❄❄❄❄❄❄❄

❄❄❄❄❄❄❄